(ബി) എങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ആരോഗ്യ വകുപ്പിൽ ഇന്നുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് വേണ്ടത്ര ഡ്രൈവർമാർ ഉണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ഡ്രൈവർമാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വാഹനങ്ങൾ യൂനിസെഫ്, കേന്ദ്ര ഗവൺമെൻറ് എന്നിവിടങ്ങളിൽ നിന്ന് കിട്ടിയിട്ടുള്ളതിനാൽ അവരുടെ അനുവാദത്തോടുകൂടി ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവ എത്രയും വേഗം ലേലം ചെയ്തു വിൽക്കുന്നതും അവിടെ നിന്നും നീക്കം ചെയ്യുന്നതുമാണ്.

(സി) ഉണ്ട്.

(ഡി) വിവിധ ജില്ലകളിലായി ഇപ്പോഴുള്ള 107 ഡ്രൈവർമാരുടെ ഒഴിവുകൾ പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇപ്പോൾ ഈ ഒഴിവുകളിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖാന്തിരം ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്.

ചെവി കഴുകുന്നതിനു ചെന്ന കുട്ടിയെ തൊണ്ടയിൽ ഓപ്പറേഷൻ ചെയ്തു വിട്ടതായ പരാതി

38 [43] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് കോട്ടയം മെഡിക്കൽ കോളേജിൽ ചെവി കഴുകുന്നതിന് ചെന്ന 6 വയസ്സുള്ള കുട്ടിയെ തൊണ്ടയിൽ ഓപ്പറേഷൻ ചെയ്തു വിട്ടതായ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണക്കാരായവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ജോയിൻറ് ഡയറക്ടർ വിശദമായ അന്വേഷണം നടത്തിയതിനുശേഷം ഗവൺമെൻറിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ 16-ാം നമ്പർ വാർഡിൽ ഇടതു ചെവിയിൽ പഴുപ്പും പരുക്കളുമായി അഡ്മിറ്റു ചെയ്തിരുന്ന ഷിജി എന്ന പെൺകുട്ടിയെ സക്ഷൻക്യുറേറ്റൻസ് നടത്തിയപ്പോൾ ആ കുട്ടിക്ക് ശ്വാസതടസ്സം ഉണ്ടാകുകയും തുടർച്ചയായ ഛർദ്ദി ഉണ്ടായപ്പോൾ ശ്വാസതടസ്സം ഉണ്ടാകാതിരിക്കുവാനും കുട്ടിയുടെ ജീവൻ രക്ഷിക്കാനുമായി ട്രാക്കിയോ സ്റ്റൊമി ഓപ്പറേഷൻ നടത്തുകയുണ്ടായെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു പോലീസ് കേസും നിലവിലുള്ളതായി അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly